(ഇ) വാഹനങ്ങളുടെയും ജീവനക്കാരുടെയും അപര്യാപ്തത മൂല മാണ് റദ്ദു ചെയ്യേണ്ടി വരുന്നത്.

(എഫ്) കൂടുതൽ സർവ്വീസുകൾ വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് ഓപ്പറേറ്റ് ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നു.

131 (1580) കേരള രജിസ്ട്രേഷനുള്ള ടാക്സി ജീപ്പുകൾ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള രജിസ്ട്രേഷനുള്ള ടാക്സി ജീപ്പുകൾക്ക് മറ്റു സംസ്ഥാ നങ്ങളുടെ പെർമിറ്റിന് അപേക്ഷിക്കുന്നതിനായി കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സെക്രട്ടറിയുടെ നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതി നായി 1998 വർഷം വാഹന ഉടമകളിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചി ട്ടുണ്ട്;

(ബി) ഈ അപേക്ഷകളെല്ലാം പരിഗണിച്ച് നോ-ഒബ്ജക്ഷൻ സർട്ടി ഫിക്കറ്റ് നൽകിയിട്ടുണ്ടോ;

(സി) ഏതെങ്കിലും അപേക്ഷകൾ പരിഗണിക്കാതെയും തീരുമാനമെ ടുക്കാതെയും കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(ഡി) ഇക്കാര്യത്തിൽ വാഹന ഉടമകൾക്കുള്ള പരാതി പരിഹരിക്കു വാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 13 (പതിമൂന്ന്) അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) രണ്ടു അപേക്ഷകളിൻമേൽ തീരുമാനം എടുത്തിട്ടില്ല. ബാക്കി അപേക്ഷകൾ ബന്ധപ്പെട്ട സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റികളിൽ നിന്നും വേക്കൻസികൾ ലഭ്യമാണ് എന്ന് കിട്ടിയ റിപ്പോർട്ടിൻപ്രകാരം അപേക്ഷകൾ പരിഗണിച്ച് റെക്കമെന്റേഷൻ കത്തുകൾ നൽകിയിട്ടുണ്ട്.

(സി) വയനാട് ജില്ലയിൽ സുൽത്താൻബത്തേരിയിൽ നിന്നും ലഭിച്ച രണ്ട് അപേക്ഷകളിൻമേൽ തീരുമാനം എടുത്തിട്ടില്ല. എസ്.ടി.എ. ബാംഗ്ലൂരിൽ നിന്നും വേക്കൻസി ലഭ്യതയെക്കുറിച്ചുള്ള റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും ലഭി ക്കാത്ത സാഹചര്യത്തിൽ വാഹന ഉടമകളുടെ ആവശ്യപ്രകാരം ബന്ധ പ്പെട്ടരേഖകൾ അവർ തിരിച്ചു നൽകിയിട്ടുണ്ട്. വേക്കൻസി റിപ്പോർട്ടു കിട്ടി യാൽ ഈ അപേക്ഷകൾ പരിഗണിക്കുന്നതാണ്.

(ഡി) നടപടി കൈക്കൊള്ളുന്നതാണ്.

132 (1581) സ്വകാര്യവനങ്ങളുടെ ദേശസാൽക്കരണത്തിലൂടെ ലഭിച്ച ഭൂമി.

ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ഡോ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :

LIBRARY ARCHIVES Kerala Legislative Assembly